**പതിനൊന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
2003 ജൂൺ 25-ാം തീയതി ബുധനാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

211) ഓൺലൈൻ ലോട്ടറി
212) കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ
213) കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാൻ നടപടി
214) വെളിച്ചെണ്ണയുടെ വ്യാവസായിക ഉപയോഗങ്ങളെ സംബന്ധിച്ച പഠനം
215) പഴം, പച്ചക്കറി ഫാമുകൾ തുടങ്ങാൻ നടപടി
216) വാറ്റ് നിയമം സംബന്ധിച്ച് കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ച നിർദ്ദേശം
217) നാളികേര ടെക്നോളജി മിഷന്റെ പ്രവർത്തനം
218) ചന്ദനത്തൈലം നിർമ്മിക്കുന്ന ഫാക്ടറികൾ
219) പഴങ്ങളിൽ കീടനാശിനി ഉപയോഗിക്കുന്നത് തടയാൻ നടപടി
220) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി
221) സിവിൽ സപ്ളൈസ് കോർപ്പറേഷൻ അന്യ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന അരി
222) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വെട്ടിക്കുറച്ച ആനുകൂല്യങ്ങളിൽ പുനസ്ഥാപിക്കാനുള്ളവ
223) ലാൻഡ് യൂട്ടിലൈസേഷൻ ആക്റ്റിന് ഭേദഗതി
224) വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കൽ നടപടികൾ
225) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ
226) വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം
227) കാർഷിക കയറ്റുമതിമേഖലകൾ
228) കാർഷികോത്പാദനം വർദ്ധിപ്പിക്കാൻ നടപടി
229) ദേവസ്വം ഭൂമി അന്യാധീനപ്പെടുത്തുന്നതായ പരാതി
230) നാഷണൽ സേവിംഗ്സ് പദ്ധതിയിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് നൽകുന്ന ഇൻസന്റീവ്
231) ചാരായ നിരോധനം മൂലമുണ്ടായ സാമൂഹിക സാമ്പത്തിക നേട്ടങ്ങൾ
232) □ഫിസിക്കൽ റെസ്പോൺസിബിലിറ്റി□ നിയമം
233) യുവാക്കൾക്കുള്ള സ്വയം തൊഴിൽ പെൻഷൻ പദ്ധതി
234) ലോകബാങ്ക് സഹായമായി ലഭിച്ചതുകയുടെ വിശദാംശം.
235) സിവിൽസപ്ളൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ സമിതി
236) കാർഷികോത്പന്നങ്ങൾക്കു് ഉൽപ്പാദന ബോണസ് പ്രഖ്യാപിച്ച നടപടി
237) വനസമ്പത്ത് കൊള്ളയും വനംകൈയേറ്റവും തടയാൻ നടപടി
238) ദേശീയ കാർഷിക പദ്ധതി
239) സർക്കാരിന്റെ കടമെടുപ്പും വികസനക്ഷേമ പ്രവർത്തനങ്ങളും നിയന്ത്രിക്കാൻ നിയമം
240) വനം വകുപ്പ് വിൽപ്പന നടത്തുന്ന വൃക്ഷങ്ങൾ

**ഓൺലൈൻ ലോട്ടറി**

*211. ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഓൺലൈൻ' ലോട്ടറികളുടെ പ്രചാരം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗ്യക്കുറി വില്പനയിൽ ഗണ്യമായ കുറവു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനായി ``നിലവിലുള്ള സമ്മാനഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) മറ്റ് സംസ്ഥാനങ്ങൾ നടത്തുന്ന ഓൺലൈൻ ലോട്ടറികളെക്കുറിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**
**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):**

(എ) ഉണ്ട്.

(ബി നേരിയ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള ലോട്ടറികളുടെ സമ്മാനഘടനയ്ക്കു പുറമെ 10 രൂപ മുഖവിലയോടു കൂടിയതും 20 ലക്ഷം രൂപ ഒന്നാം സമ്മാനവും, 1,23,743 സമ്മാനങ്ങൾ വാഗ്ദാനം ചെയ്യുന്നതും, 25 ലക്ഷം രൂപ അറ്റാദായം പ്രതീക്ഷിക്കുന്നതുമായ ചൈതന്യ എന്ന പ്രതിവാര ഭാഗ്യക്കുറി കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു കോടി രൂപ ഒന്നാംസമ്മാനം വാഗ്ദാനം ചെയ്യുന്നതും ഏകദേശം 1 കോടിരൂപയുടെ അറ്റാദായം ലഭിക്കുന്നതുമായ ഓണം ബമ്പർ ഭാഗ്യക്കുറിയുടെ ടിക്കറ്റ് വിൽപ്പന 7..08..03-ൽ ആരംഭിക്കുന്നതാണ്. കൂടാതെ കേരള സംസ്ഥാന സർക്കാർ ഓൺലൈൻ ലോട്ടറി ആരംഭിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൽ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഓൺലൈൻ ലോട്ടറി സംസ്ഥാനത്ത് ആരംഭിച്ചതു മുതൽ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെ ടിക്കറ്റ് വിൽപ്പന ഗണ്യമായി കുറയുന്നു എന്നുള്ളത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. ഔട്ട്ലറ്റുകൾ ആരംഭിക്കാനുള്ള പ്രാരംഭ മുതൽമുടക്ക് 1 1/2 ലക്ഷം രൂപയായതിനാൽ സാധാരണക്കാരായ കേരള ലോട്ടറി ഏജന്റുമാർക്ക് ഓൺ ലൈൻ ലോട്ടറി യുടെ വിൽപ്പനയിൽ പങ്കാളികളാകാൻ കഴിയുന്നില്ല. കൂടാതെ ഓൺലൈൻ ലോട്ടറിയുടെ വരവോടെ പണം അന്യസംസ്ഥാനങ്ങളിലേക്ക് പ്രവഹിക്കുന്നതായും സംസ്ഥാന ഖജനാവിലേക്കുള്ള വരുമാനത്തിൽ കുറവു വരുന്നതായും പരാതികൾ ലഭിച്ചിട്ടുണ്ട്.

**കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ**

*212. ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ഡോ. തോമസ് ഐസക് :

ശ്രീ. സാജു പോൾ:

ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയത് എന്നുമുതലാണ് ;

(ബി) പ്രസ്തുത പരിഷ്ക്കാരങ്ങൾ ഏതെല്ലാം മേഖലകളിലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സാമ്പത്തികരംഗത്ത് നിയന്ത്രണങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്രം എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

(എഫ്) കേന്ദ്ര നിർദ്ദേശം നടപ്പാക്കുന്നതിന് കേന്ദ്രത്തിൽനിന്നും പ്രത്യേക സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനകം ലഭിച്ച ധനസഹായത്തിന്റെ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)** :

(എ) കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ 11-ാം ധനകാര്യ കമ്മിഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മറ്റു സർക്കാരുകളെപ്പോലെ കേരള സർക്കാരും അതിന്റേതായ ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി വരുന്നു.

(ബി) കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ സംസ്ഥാനത്തിന്റെ ഒരു മേഖലയിലും നടപ്പിലാക്കുന്നില്ല. എന്നാൽ സാമ്പത്തികം, ഊർജ്ജം, പൊതുമേഖല, ബഡ്ജറ്റ് എന്നീ മേഖലകളിലാണ് കേരള സർക്കാരിന്റേതായ ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) കേന്ദ്ര നിർദ്ദേശം നടപ്പാക്കുന്നതിന് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ, ഇടക്കാല സാമ്പത്തിക പരിഷ്ക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2001-02-ൽ 23.52 കോടിരൂപയും 2002-03-ൽ 40.92 കോടി രൂപയും കേന്ദ്രത്തിന്റെ പ്രോൽസാഹന നിധിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

**കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാൻ നടപടി**

*213. ശ്രീ. എം. മുരളി :

ശ്രീ.കെ. ബാബു :

ശ്രീ. വി. ബാലറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയേയും പ്രകൃതിദുരന്തങ്ങളേയും നേരിടേണ്ടിവന്നതുമൂലം കഷ്ടതയനുഭവിക്കുന്ന സംസ്ഥാനത്തെ കർഷകരുടെ കാർഷിക കടങ്ങൾ എഴുതി തള്ളാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തോട് കേന്ദ്രത്തിന്റെ സമീപനം എന്തെന്നു വ്യക്തമാക്കുമോ;

(സി) കർഷകരുടെ കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാൻ ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ എത്ര കാലത്തേക്ക് എന്നു വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :**

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കഴിഞ്ഞവർഷം (2001 ഡിസംബർ 29) കാർഷിക കടങ്ങൾക്ക് സംസ്ഥാന സർക്കാർ മോറട്ടോറിയം പ്രഖ്യാപിക്കുകയുണ്ടായി. വീണ്ടും മറ്റൊരു പ്രഖ്യാപനത്തെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

**<u>വെളിച്ചെണ്ണയുടെ വ്യാവസായിക ഉപയോഗങ്ങളെ സംബന്ധിച്ച പഠനം</u>**

*214. ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ.എൻ.എ. ഖാദർ :
ശ്രീ. സി.പി.എം. സാഹിർ :
ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെളിച്ചെണ്ണയുടെ വ്യാവസായിക ഉപയോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, ഏതെല്ലാം പുതിയ പദ്ധതികളിൽ വെളിച്ചെണ്ണയുപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം വെളിച്ചെണ്ണയുടെ ആഭ്യന്തര ഉപയോഗം എത്രകണ്ട് വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

എ&(ബി) എൻജിൻ ഓയിലിനു പകരം വെളിച്ചെണ്ണ ചില ഓട്ടോറിക്ഷകളിലും ഇരുചക്ര വാഹനങ്ങളിലും ഉപയോഗിക്കുന്നു എന്നറിഞ്ഞതിനെ തുടർന്ന് ഇതേക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുകയും അതനുസരിച്ച് പഠനങ്ങൾ തുടങ്ങുകയും ചെയ്തു. പ്രാരംഭപഠനത്തിൽ വെളിച്ചെണ്ണ മേൽപ്പറഞ്ഞ എഞ്ചിനുകളിൽ ഇപ്പോൾ സ്ഥിരമായി ഉപയോഗിക്കുന്ന മറ്റ് ഓയിലുകളുമായി ഒരു താരതമ്യം നടത്തുകയുണ്ടായി. വെളിച്ചെണ്ണയ്ക്ക് ചില ഗുണങ്ങൾ കൂടുതൽ ഉള്ളതായി കാണുകയുണ്ടായി. ഇതു സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തിവരികയാണ്. കൂടാതെ നാളികേര വികസന ബോർഡും കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുമായി ചേർന്ന് ഇതുസംബന്ധിച്ച ഗവേഷണങ്ങൾ നടത്തിവരുന്നടായി അറിയുന്നു. ഇവ കൂടാതെ സോപ്പ്, ഷാമ്പു, ഷേവിംഗ് ക്രീം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രധാന അസംസ്കൃതവസ്തുവായി വെളിച്ചെണ്ണ ഉപയോഗിച്ചുവരുന്നു. പാൽപ്പൊടി, വനസ്പതി, ഐസ്ക്രീം, മധുരപലഹാരങ്ങൾ, ബിസ്ക്കറ്റ് തുടങ്ങിയവ ഉണ്ടാക്കുന്നതിനും വെളിച്ചെണ്ണ ഉപയോഗിച്ചുവരുന്നു. കൊഴുപ്പും എണ്ണകളും ചേർത്ത് നിർമ്മിക്കുന്ന 'മാർഗറിൻ' എന്ന ഉൽപ്പന്നത്തിന്റെ ഒരു പ്രധാന ഘടകമായും വെളിച്ചെണ്ണ ഉപയോഗിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) &(ഡി) കണക്കാക്കിയിട്ടില്ല.

**<u>പഴം, പച്ചക്കറി ഫാമുകൾ തുടങ്ങാൻ നടപടി</u>**

*215. ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. സി.പി. മുഹമ്മദ് :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറ്റുമതി ചെയ്യാനുള്ള ഉദ്ദേശത്തോടുകൂടി പഴം, പച്ചക്കറി ഫാമുകൾ തുടങ്ങാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ എത്ര ഫാമുകൾ എവിടെയെല്ലാം തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇവ തുടങ്ങുന്നത് സ്വകാര്യമേഖലയിലാണോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം സംരംഭങ്ങൾക്ക് എന്തെല്ലാം സഹായം നൽകും എന്ന് വിശദമാക്കുമോ?

__ഉത്തരം__

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി),(സി) & (ഡി) സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലും ഫാമുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾക്ക് അന്തിമരൂപം നൽകിവരുന്നു .

__വാറ്റ് നിയമം സംബന്ധിച്ച് കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ച നിർദ്ദേശം__

*216. ശ്രീ. എ.സി. ഷൺമുഖദാസ് :

ശ്രീ. കെ.പി. മോഹനൻ :

ശ്രീസി.കെ. നാണു :

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് പാസ്സാക്കിയ 'വാറ്റ്' നിയമം സംബന്ധിച്ച് കേന്ദ്രഗവൺമെന്റിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

__ഉത്തരം__

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :**

(എ) & (ബി) താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച ഭേദഗതികൾ കൂടി വാറ്റ് നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രഗവൺമെന്റിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

1. സ്പെഷ്യൽ എക്കണോമിക് സോണിന്റെ വ്യാപാര ഇടപാടുകളും ഡ്യൂട്ടി താരിഫ് എന്നിവയും രാജ്യത്തിന്റെ കസ്റ്റംസ് പരിധിക്ക് പുറത്താണെന്ന് നിർവ്വചിക്കപ്പെട്ടിട്ടുള്ളതിനാൽ ഡൊമസ്റ്റിക് താരിഫ് ഏരിയായിൽ നിന്ന് ഇക്കണോമിക് സോണിലേക്കുള്ള വിൽപ്പനയ്ക്കും വാറ്റ് നിയമത്തിൽ കയറ്റുമതിക്ക് നൽകുന്ന അതേ പരിഗണന തന്നെ നൽകേണ്ടതാണ്

2. എക്സ്പോർട്ട് ഓറിയന്റഡ് യൂണിറ്റുകളുടെ കയറ്റുമതി സംസ്ഥാനതല വാറ്റിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതാണ്. ഈ യൂണിറ്റുകളിലേക്ക് ഡൊമസ്റ്റിക് താരിഫ് ഏരിയായിൽ നിന്നുള്ല വിതരണത്തിന്റെ നികുതി പൂജ്യം നിരക്കിൽ ആയിരിക്കണമെന്നും വിതരണം നടത്തുന്ന യൂണിറ്റുകൾക്ക് അവർ അസംസ്കൃത സാധനങ്ങൾക്ക് നൽകുന്ന വാറ്റു നികുതിക്ക് ക്രെഡിറ്റ്/റീഫണ്ട് അനുവദിക്കണം.

3. സ്പെഷ്യൽ എക്കണോമിക് സോൺ/ എക്സ്പോർട്ട് ഓറിയന്റഡ് യൂണിറ്റുകൾ എന്നിവ പരസ്പരം നടത്തുന്ന വിതരണം സംസ്ഥാനതല വാറ്റിൽ നിന്നും ഒഴിവാക്കണം.

4. പൂജ്യം നിരക്ക് എന്ന ആശയം വാറ്റ് നിയമത്തിൽ നിർവ്വചിക്കുകയും കയറ്റുമതി സംബന്ധിച്ച് പ്രത്യേക വകുപ്പ് ഉൾപ്പെടുത്തുകയും വേണം. മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കണം. നിയമത്തിൽ പലിശയുടെ പെയ്മെന്റ്/റീഫണ്ട് എന്നിവ സംബന്ധിച്ച ചട്ടങ്ങൾ ഉൾപ്പെടുത്തണം .

ഈ നിർദ്ദേശങ്ങൾ സംബന്ധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണെന്ന് കേന്ദ്രഗവൺമെന്റിന് ഉറപ്പു നൽകിയിട്ടുണ്ട്.

__നാളികേര ടെക്നോളജി മിഷന്റെ പ്രവർത്തനം__

*217. ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി കേരളത്തിനുവേണ്ടി പ്രഖ്യാപിച്ച നാളികേര ടെക്നോളജി മിഷൻ കേരകൃഷിക്ക് ഗുണപ്രദമാണോ ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) തെങ്ങിനെ ബാധിച്ചിട്ടുള്ള രോഗത്തിന് പ്രതിവിധി കാണുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ടെക്നോളജി മിഷൻ ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) കേരളത്തിലെ നാളികേരകൃഷി അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമായ തെങ്ങിനുള്ള രോഗത്തിനു പ്രതിവിധി കാണാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) നാളികേര ടെക്നോളജി മിഷന്റെ പ്രവർത്തനത്തിനായി കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക എന്തിനെല്ലാം വേണ്ടിയാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) കേരളത്തിന് മാത്രമായിട്ടല്ല ടെക്നോളജി മിഷൻ പ്രഖ്യാപിച്ചിട്ടുള്ളത്. നാളികേര കൃഷി ചെയ്യുന്ന എല്ലാ സംസ്ഥാനങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടെക്നോളജി മിഷൻ പ്രവർത്തിക്കുന്നത്. കേരകൃഷിയുടെ എട്ടു ജില്ലകളെ ബാധിച്ചിരിക്കുന്ന ഞീീേ ണശഹഹ റശലെമലെ ഇല്ലാതാക്കുന്നതിനുള്ള പ്രോഗ്രാം അല്ലാതെ വെട്ടിമാറ്റി രോഗപ്രതിരോധമുള്ള തൈവയ്ക്കൽ പരിപാടിയില്ല.

(ബി)& (സി) ഉണ്ട്. തെങ്ങിനെ ബാധിച്ചിട്ടുള്ള കാറ്റുവീഴ്ചരോഗം വ്യാപിക്കുന്നത് തടയുന്നതിന് അതിർത്തി ജില്ലകളായ തൃശൂർ, തിരുവനന്തപുരം ജില്ലകളിലെ 6,34,261 രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വെച്ചുപിടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സമർപ്പിച്ച 37.697 കോടി രൂപയുടെ പദ്ധതിക്ക് ടെക്നോളജി മിഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 9.42 കോടി രൂപ കേന്ദ്രസഹായമാണ്.

..

(ഡി) വടക്കൻ ജില്ലകളിൽ കാറ്റുവീഴ്ച രോഗം ബാധിച്ച് തെങ്ങുകൾ വെട്ടിമാറ്റുന്നത് പ്രകാരം തൃശൂർ കരുവന്നൂർ പുഴയ്ക്ക് വടക്കുള്ള ജില്ലകളായ തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ ധനസഹായം നൽകുന്നു.ഈ വർഷം 3.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേരവികസന ബോർഡ് പദ്ധതിപ്രകാരം രോഗം ബാധിച്ചതും ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ ഈ എട്ടു ജില്ലകളിലും വെട്ടിമാറ്റുന്നതിന് 250 രൂപ ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. 2002-2003 വർഷം ഒരു ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) നാളികേര ടെക്നോളജി മിഷന്റെ പ്രവർത്തനങ്ങൾ കേന്ദ്ര നാളികേര വികസന ബോർഡ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ മിഷന്റെ പ്രവർത്തനപ്രകാരം സംസ്ഥാനത്തെ വിവിധ ഏജൻസികൾക്ക് മൊത്തം 4170.92 ലക്ഷം അടങ്കൽ തുക വരുന്ന 8 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. (വിശദീകരണക്കുറിപ്പ് കാണുക) അവയുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| 1. | കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് | 37.67 കോടിരൂപ |
| 2. | നാളികേര കീടരോഗം തടയുന്നതിന് ഡെമോൺസ്ട്രേഷൻ | 140.90 ലക്ഷം രൂപ |
| 3. | വെളിച്ചെണ്ണ ഓട്ടോമൊബൈൽഓയിലായി ഉപയോഗിക്കുന്നതിനെക്കുറിച്ച് സ്റ്റഡി | 9.92 ലക്ഷം രൂപ |
| 4. | ഇളനീർ കോൺസൺട്രേറ്റ് വിപണനം പ്രോൽസാഹിപ്പിക്കുന്നതിന് 9.95 ലക്ഷം | 9.95 ലക്ഷം രൂപ |
| 5. | ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസ്സിംഗ് | 160 ലക്ഷം രൂപ |
| 6. | നാളികേര ഉൽപ്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കുന്നതിന് | 21.15 ലക്ഷം രൂപ |
| 7. | നാളികേര ഉൽപ്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കുന്നതിന് കേരഫെഡ് | 50 ലക്ഷം രൂപ |
| 8. | രോഗവിമുക്ത തെങ്ങുകൾ കണ്ടുപിടിക്കുന്നതിന് ആന്റിസീറം നിർമ്മിക്കുന്നതിന് | 10 ലക്ഷം രൂപ |

## <u>ചന്ദനത്തൈലം നിർമ്മിക്കുന്ന ഫാക്ടറികൾ</u>

*218. ശ്രീ. സി.പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചന്ദനത്തൈലം ഉൽപ്പാദിപ്പിക്കുന്ന എത്ര ഫാക്ടറികളുണ്ട്;

(ബി) ഈ ഫാക്ടറികൾക്കാവശ്യമായ ചന്ദനം നൽകുവാൻ സംസ്ഥാനത്തിനു കഴിയുമോ;

(സി) പ്രസ്തുത ഫാക്ടറികൾക്കുവേണ്ടി 2002-2003-ൽ വനംവകുപ്പ് എത്ര ചന്ദനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ ഗവൺമെന്റ് ചന്ദനഫാക്ടറികൾക്ക് ലൈസൻസ് കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :**

(എ) സംസ്ഥാനത്ത് 21 ചന്ദനഫാക്ടറികൾ ഉണ്ട്. ആയതിൽ 14 ചന്ദന ഫാക്ടറികൾ മാത്രമാണ് ഭാഗികമായി പ്രവർത്തിക്കുന്നത്.

(ബി) കഴിയില്ല.

(സി) ചന്ദന ഫാക്ടറികൾക്ക് വനംവകുപ്പിൽ നിന്നും നേരിട്ട് ചന്ദനം നൽകിയിട്ടില്ല. എന്നാൽ 2002-2003 സാമ്പത്തികവർഷത്തിൽ നടത്തിയ ചന്ദനലേലത്തിൽ ശ്രീ. ബി.എം. അബൂബക്കർ, റൂറൽ ഇൻഡസ്ട്രീസ്, 358.6 കിലോഗ്രാം ചന്ദനത്തടിയും, 102.1 കി.ഗ്രാം അറക്കപ്പൊടിയും, ശ്രീ. എൻ.എം. അബ്ദുള്ള, ഫാത്തിമ പെർഫ്യൂമറി ഇൻഡസ്ട്രീസ്, 1617.8 കിലോഗ്രാം ചന്ദനച്ചീളുകളും, ശ്രീ. വി. മുസ്തഫ വാളയാർ റൂറൽ ഇൻഡസ്ട്രീസ് ഒഴികെ മറ്റുള്ളവർ ചന്ദനം നീക്കം ചെയ്തിട്ടുണ്ട്.

(ഡി) ഉദ്ദേശിക്കുന്നില്ല.

**പഴങ്ങളിൽ കീടനാശിനി ഉപയോഗിക്കുന്നത് തടയാൻ നടപടി**

*219. ശ്രീ. വി.കെ.സി. മമ്മതുകോയ :
ശ്രീ. കെ.രാധാകൃഷ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴവർഗ്ഗങ്ങൾ കേടുവരാതിരിക്കാൻ വിഷാംശമുള്ള കീടനാശിനികൾ ഉപയോഗിക്കുന്ന കച്ചവടക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) ഏതിനം കീടനാശിനിയാണ് ഇക്കാര്യത്തിനായി ഉപയോഗിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പഴവർഗ്ഗങ്ങളിലെ കീടനാശിനി പ്രയോഗം തടയുന്നതിനായി കൃഷിവകുപ്പിൽ എന്തെങ്കിലും നിയമം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിനായി നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) കൃഷിവകുപ്പു മുഖേന നടപടി ഒന്നും സ്വീകരിക്കുന്നില്ല. എന്നാൽ 1954-ലെ 'പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ ആക്ട്' (പി.എഫ്.എ. ആക്ട്) പ്രകാരം സംസ്ഥാന ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബിഉദിക്കുന്നില്ല.

(സി) ഓർഗാനോ ക്ളോറിൻ, ഓർഗാനോ ഫോസ്ഫേറ്റ്സ്, കാർബമേറ്റ് മുതലായ ഇനത്തിൽ പെടുന്ന കീടനാശിനികളാണ് ഫലവർഗ്ഗ വിളകളിൽ സാധാരണ പ്രയോഗിക്കുന്നത്.

(ഡി) ഇല്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി**

*220. ശ്രീ. കെ.മുഹമ്മദാലി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ.പി. അനിൽകുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീ പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ എത്ര ഹെക്ടർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെന്നും ഇവ തിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമി തിരിച്ചുകിട്ടുമോയെന്ന് അറിയിക്കാമോ ?

ഉത്തരം

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി):**

(എ) &(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ല ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി എത്രയെന്ന് അളന്ന് തിരിച്ച് തിട്ടപ്പെടുത്തി വരുന്നുവെന്നും പ്രസ്തുത ഭൂമികൾ

തിരികെ ലഭിക്കുന്നത് സംബന്ധിച്ച് സിവിൽ കേസ്സ്, ലാന്റ് ട്രൈബ്യൂണൽ, റവന്യൂ അതോറിട്ടി എന്നിവ മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നുവെന്നും ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

**<u>സിവിൽ സപ്ളൈസ് കോർപ്പറേഷൻ അന്യ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന അരി</u>**

*221. ശ്രീ. എ . എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ളൈസ് കോർപ്പറേഷൻ അന്യ സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങുന്നുണ്ടോ ;

(ബി) കോർപ്പറേഷൻ നേരിട്ടാണോ അതോ ഇടനിലക്കാർ വഴിയാണോ അരി വാങ്ങുന്നത്. ;

(സി) ഓരോ സംസ്ഥാനത്തു നിന്നും വാങ്ങുന്ന അരിയുടെ നിരക്ക് വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള സമ്പ്രദായത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

**<u>ഉത്തരം</u>**

**ശ്രീ .ജി. കാർത്തികേയൻ ( ഭക്ഷ്യവും സാംസ്കാരികവും ദേവസ്വും വകപ്പു മന്ത്രി)** :

(എ ) ഇപ്പോൾ വാങ്ങുന്നില്ല.

(ബി ) യും (സി) യും - ഉദിക്കുന്നില്ല.

(ഡി) ഇല്ല.

**<u>സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വെട്ടിക്കുറച്ച ആനുകൂല്യങ്ങളിൽ പുനസ്ഥാപിക്കാനുള്ളവ</u>**

*222. ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി.കെ.ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ.വി. കെ.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മുറപടി നൽകുമോ ;

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വെട്ടിക്കുറച്ച സാമ്പത്തികാനുകൂല്യങ്ങളിൽ ഏതൊക്കെയാണ് ഇനിയും പുനഃസ്ഥാപിക്കാനുള്ളതെന്ന് പറയാമോ ;

(ബി) ഇവ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ ഇവ പുനഃസ്ഥാപിക്കുവാൻ കഴിയുമെന്ന് പറയാമോ ;

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കര നാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി.)**

(എ)

1. കമ്മ്യൂട്ടഡ് വാല്യുവിന്റെ ഡിസ്ക്കൗണ്ട് റേറ്റ് 5.31 % ആയി വർദ്ധിപ്പിച്ചത്.
2. പ്രതിവർഷം സറണ്ടർ ചെയ്യാവുന്ന ആർജ്ജിത അവധികളുടെ എണ്ണത്തിലെ കുറവ്.
3. പുതുതായി സർവീസിൽ പ്രവേശിച്ചവർക്ക് പഴയ രീതിയിലുള്ള പെൻഷൻ പദ്ധതി അനുവദിക്കുന്നത്.

(ബി) തീരുമാനമെടുത്തിട്ടില്ല.

**<u>ലാൻഡ് യൂട്ടിലൈസേഷൻ ആക്റ്റിന് ഭേദഗതി</u>**

*223 ശ്രീ. .കെ.എൻ.എ.ഖാദർ :
ശ്രീ. പി.കെ.അബ്ദുറബ്ബ് :
ശ്രീ. യു.സി.രാമൻ :
ശ്രീ. സി. മമ്മുട്ടി :
ശ്രീ..ടി.പി.എം.സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിന് ഭേദഗതി വരുത്താൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത് ;

(ബി) നെൽകൃഷിക്ക് അനുയോജ്യമല്ലാത്തതും പ്രധാനപ്പെട്ട റോഡുകളുടെ അരികിൽ സ്ഥിതിചെയ്യുന്നതുമായ വയലുകൾ മറ്റ് ആവശ്യങ്ങൾക്കായി നികത്തി ഉപയോഗിക്കാൻ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

**<u>ഉത്തരം</u>**

**ശ്രീമതി. കെ. ആർ.ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പ് മന്ത്രി)**:

(എ) ഇപ്പോൾ ആലോചിച്ചിട്ടില്ല.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**<u>വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കൽ നടപടികൾ</u>**

224. :ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വില്പന നികുതി ഇനത്തിൽ എന്തു തുക പിരിച്ചെടുക്കുവാനാണ് ഗവണ്മെന്റ് ഉദ്ദേശിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വില്പന നികുതി ഇനത്തിൽ എന്ത് തുക കുടിശ്ശിക ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) വില്പന നികുതി കുടിശ്ശികയുള്ളവരിൽ 10 ലക്ഷത്തിനു മേൽ ഉള്ള സ്ഥാപനങ്ങൾ, വ്യക്തികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കര നാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി.)**

(എ) 5400 കോടി രൂപ പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിരുന്നു.

(ബി) 2232.78 കോടി രൂപ കുടിശ്ശികയുണ്ട്.

(സി) പാലക്കാട് ജില്ല ഒഴികെ മറ്റ് ജില്ലകളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.

(ഡി)

1. എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി കമ്മീഷണർമാരടക്കമുള്ള സെയിൽസ് ടാക്സ് ഓഫീസർമാരുടെ യോഗം വിളിച്ചുകൂട്ടി കുടിശ്ശിക പിരിച്ചെടുക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.
2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്കും റവന്യൂ ഉദ്യോഗസ്ഥൻമാർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.
3. ഹൈക്കോടതിയിൽ വില്പന നികുതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടി മാത്രം പ്രത്യേക ഗവണ്മെന്റ് പ്ലീഡർമാരെ നിയമിച്ചിട്ടുണ്ട്.
4. വില്പന നികുതി കുടിശ്ശിക വരുത്തുന്ന വ്യാപാരികൾക്കെതിരെ സെയിൽസ് ടാക്സ് ആക്ട് 45 എ വകുപ്പ് പ്രകാരം അടയ്ക്കേണ്ടതായ നികുതി തുകകൾക്ക് പുറമേ മൂല്യസംഖ്യക്കുള്ള പിഴ ചുമത്തുന്നുണ്ട്. കൂടാതെ വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിന് 23 (2) ബി വകുപ്പ് പ്രകാരം ബന്ധപ്പെട്ട മജിസ്ട്രേറ്റിന് പരാതി നൽകി നിയമ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

225. ശ്രീ. കെ.സി. ജോസഫ്
ശ്രീ കെ.എ. ചന്ദ്രൻ
ശ്രീ ടി.എൻ. പ്രതാപൻ
പ്രൊഫ.എ.ഡി. മുസ്തഫ
ശ്രീ ഇ.എം. അഗസ്തി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നുവെന്നും അതിൽ കോളേജുകളും ഹൈസ്കൂളുകളും എത്ര വീതം എന്നും വിശദീകരിക്കാമോ;

(ബി) സംസ്കൃത വിദ്യാഭ്യാസത്തിനും ഭാരതത്തിന്റെ സംസ്കാരം പഠിപ്പിക്കുന്നതിനും പ്രസ്തുത ദേവസ്വം ബോർഡിനു പരിപാടിയുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദവിവരം വ്യകതമാക്കുമോ?

**ഉത്തരം**

**ശ്രീ.ജി. കാർത്തികേയൻ (ഭക്ഷ്യവും സാസ്കാരികവും ദേവസ്വവും വകുപ്പു മന്ത്രി)**

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 23 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. അതിന്ൽ ഒരു സ്വാശ്രയ കോളേജ് ഉൾപ്പെടെ 5 കോളേജുകളും 8 ഹൈസ്കൂളുകളും ഉൾപ്പെടുമെന്ന് ദേവസ്വം ബോർഡ് അറിയച്ചിട്ടുണ്ട്.

(ബി) യും (സി) യും സംസ്കൃത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗഴമായി കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്ക് അനുസൃതമായി സംസ്കൃതം പഠിപ്പിക്കുന്നുണ്ട്. തൃക്കരിയൂർ, എരുമേലി തിരുവല്ല, പരുമല, ചെറിയനാട്, വാമനപുരം, കങ്ങഴ എന്നീ ഹൈസ്കൂളുകളിലും ചങ്ങൻകരി, പാരിപ്പള്ളി, വിളക്കുടി എന്നീ അപ്പർപ്രൈമറി സ്കൂളുകളിലും സംസ്ക,തം പാഠ്യവിഷയമാണെന്ന് ദേവസ്വം ബോർഡ് അറിയച്ചിട്ടുണ്ട്.

<u>വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം</u>

226. ശ്രീ. പി.എസ് സുപാൽ
ശ്രീ.പി. ന.രായണൻ

ശ്രീ.എം. കുമാരൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) വനവിഭവങ്ങൾ ശേഖരിക്കുന്നതിന് നിലവിൽ തുടർന്നുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുള്ളത് ആർക്കാണെന്ന് പറയാമോ;

(സി) വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആദിവാസികൾക്ക് തിരികെ നൽകണമെന്ന ആവശ്യത്തിൻമേൽ ഗവൺമെന്റിന്റെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

**ശ്രീ.കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) 2.1.1982-ലെ ജി.ഒ.(എം.എസ്)4/82/എ.ഡി.പ്രകാരം വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള ഏജൻസിയായി പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങളെയും അവയുടെ വിപണന ഏജൻസിയായി സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷനെയുമാണ് സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്. ഈ സംവിധാനപ്രകാരം, വനവിഭവ ശേഖരണത്തിനായി കേരളത്തിലെ വനം റെയിഞ്ചുകൾ വിവിധ പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾക്കായി അലോട്ടുചെയ്യുന്നത് സി.സി.എഫ്. (സംരക്ഷണം) അദ്ധ്യക്ഷനായുള്ള എം.എഫ.പി. കമ്മിറ്റിയിലാണ് ഫേഡറേഷന്റെ ശുപാർശകൾ എം.എഫ്.പി. കമ്മിറ്റി പരിഗണിച്ചാണ് അലോട്ട്മെന്റിന്റെ മേൽ തീരുമാനമെടുത്തിരുന്നത്. അലോട്ടുമെന്റിനുശേഷം, അതാതു പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുമായി എഗ്രിമെന്റു വയ്ക്കുകയും എഗ്രിമെന്റിലെ നിബന്ധനകൾ പാലിച്ച് വനവിഭവ ശേഖരണം നടത്തി അവ വിപണനത്തിനായി ഫെഡറേഷനെ ഏൽപ്പിക്കുകയും ചെയ്തുവരുന്നു. എന്നാൽ 25.04.2003 ലെ സർക്കാല്ർ ഉത്തരവ് (കൈയെഴുത്ത) നമ്പർ 22/03 വനം പ്രകാരം വനവിഭവശേഖരണ ഏജൻസിയായി വനസംരക്ഷണ സമിതികളെയും വിപണന ഏജൻസികളായി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ എന്നിവയെയും സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നു.

(ബി) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം (25.04.2003 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത)23/2003/വനം) വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുള്ളത് ആദിവാസി സംരക്ഷണ സമിതികൾക്കാണ്.

(സി) വനവിഭവ ശേഖരണം നടത്തുന്നതിനുള്ള ആദിവാസികളുടെ അവകാശം സർക്കാർ എടുത്തുകളഞ്ഞിട്ടില്ല.

<u>കാർഷിക കയറ്റുമതിമേഖലകൾ</u>

227. ശ്രീ. കെ. മോഹൻകുമാർ
ശ്രീ.എം. മുരളി
ശ്രീമതി മാലേത്ത് സരളാദേവി
ശ്രീ. കെ.സി. വേണുഗോപാൽ
ശ്രീ.തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഇതുവരെ ഏതെല്ലാം കാർഷികോത്പന്നങ്ങളുടെ കാർഷിക കയറ്റുമതിമേഖലകൾ രൂപീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇനി ഏതെല്ലാം ഉല്പന്നങ്ങൾക്കുള്ള കാർഷിക കയറ്റുമതി മേഖലകൾകൂടി രൂപീകരിക്കാനുദ്ദേശിക്കുന്നു;

(സി) കാർഷിക കയറ്റുമതിമേഖലകൾ മുഖേനയുള്ള പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ശ്രീമതി.കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി)

(എ) പച്ചക്കറികൾ, വാഴ,കൈതച്ചക്ക എന്നിവയുടെ കാർഷിക കയറ്റുമതി മേഖലയിലാണ് ഇതുവരെ രൂപീകരിച്ചിക്കുള്ളത്.

(ബി) ഔഷധ സസ്യങ്ങൾ, സുഗന്ധവിളകൾ, പുഷ്പകൃഷി എന്നിവയുടെ കാർഷിക കയറ്റുമതി മേഖലകൾ കൂടി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ട്.

<u>കാർഷികോത്പാദനം വർദ്ധിപ്പിക്കാൻ നടപടി</u>

228. ശ്രീ. മാമ്മൻ മത്തായി
ശ്രീ. ജോസഫ് എം.പുതുശ്ശേരി
ശ്രീ. സ്റ്റീഫൻ ജോർജ്
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം കൃഷികൾക്കാണ് പ്രസ്തുത തുക അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിൽ ഒൻപതാം പഞ്ചവത്സര പദ്ധതി ലക്ഷ്യം കൈവരിച്ചില്ലെന്ന് ആസൂത്രണ ബോർഡിന്റെ പഠനം വ്യക്തമാക്കിയിട്ടുണ്ടോ;

(ഡി) കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുളളതെന്ന് അറിയിക്കാമോ?

**<u>ഉത്തരം</u>**

**ശ്രീമതി.കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി)**

(എ) 2003-2004 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഇതുവരെ അനുവദിച്ച പദ്ധതികളും തുകയും താഴെച്ചേർക്കുന്നു:

1. മാക്രോമാനേജ്മെന്റ് പദ്ധഥി -32.22 കോടി രൂപ ഇതിൽ 29.00 കോടി രൂപ കേന്ദ്ര വിഹിതമാണ്.
2. പയറുകൃഷി വികസനം 4 ലക്ഷം രൂപ, 3 ലക്ഷം രൂപ കേന്ദ്ര വിഹിതം
3. ടെക്നോളജി മിഷൻ പ്രകാരം എണ്ണക്കുരുവികസനം 12 ലക്ഷം രൂപ, ഇതിൽ 9 ലക്ഷം രൂപ കേന്ദ്ര വിഹിതം.
4. എണ്ണപ്പന കൃഷി വികസനം-8 ലക്ഷം രൂപ, 6 ലക്ഷം കേന്ദ്ര വിഹിതം.

ഇതിനുപുറമേ കഴിഞ്ഞ സാമ്പത്തികവർഷാവസാനം അനുവദിച്ചതും എന്നാൽ നടപ്പാക്കാൻ കഴിയാത്തതുമായ താഴെപ്പറയുന്ന പദ്ധതികളും ഈ വല്ർഷം നടപ്പിലാക്കുന്നുണ്ട്.

1. ബയോഫെർട്ടിലൈസർ വികസന പ്രോജക്ട് - 5 ലക്ഷം രൂപ
2. തെങ്ങ് കൃഷിക്കായുളള ടെക്നോളജി മിഷൻ-367.8775 ലക്ഷം രൂപ ഇതിൽ 188.40 ലക്ഷം രൂപ കേന്ദ്ര വിഹിതം

(ബി) നെല്ല്, തെങ്ങ്, കുരുമുളക്, കശുമാവ്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ജാതി, കുടംപുളി, വാനില, കറുകപ്പട്ട, പച്ചക്കറി, വാഴ, കൈതച്ചക്ക, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ ഔഷധ സസ്യങ്ങൾ, പയർ നിലക്കടല, എളള്, എണ്ണപ്പന,പുഷ്പങ്ങൾ എന്നിവയുടെ കൃഷിക്കാണ് തുക അനുവദിച്ചിട്ടുളളത്.

(സി) ഉണ്ട്. ആസൂത്രണ ബോർഡ് പുറത്തിറക്കിയ ഇക്കണോമിക് റിവ്യൂ 2002 ൽ സംസ്ഥാനത്ത് പല വിളകളുടെയും ഉല്പാദന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് വ്യക്താക്കിയിട്ടുണ്ട.

(ഡി) ഈ സാമ്പത്തിക വർഷത്തിൽ കാർഷികോത്പാദന വർദ്ധനവിനായി താഴെപ്പറയുന്ന നൂതന മാർഗ്ഗങ്ങൾ സ്വീകരിക്ക,ുവാൻ കൃഷി വകുപ്പ് തീരുമാനിച്ചിരിക്കുന്നു.

1. നെല്ല്,തെങ്ങ് മുതലായ പ്രധാന വളകളെ അടിസ്ഥാനമാക്കിയുളള സമഗ്ര കൃഷി സമ്പ്രദായം നടപ്പിലാക്കുക വഴി പരമാവധി ആദായം ഉറപ്പാക്കുക.
2. നീർമറി പ്രദേശ വികസനം.
3. പ്രകൃതി വിഭവങ്ങളുടെ പരിപാലനവും സിസ്ഥിത കൃഷി പ്രോത്സാഹിപ്പിക്കലും
4. തരിശു ഭൂമി വികസനം.
5. അത്യുഥ്പാദന ശേഷിയുളള ഇനങ്ങളുടെ നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കൽ
6. ജൈവ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയുളള ഉല്പാദന വർദ്ധനവ് പ്രോത്സാഹിപ്പിക്കൽ
7. വീട്ടുവളപ്പിലെ കൃഷി ശാസ്ത്രീയമായിപരിപോഷിപ്പിച്ച് ഊർജ്ജിതപ്പെടുത്തുക.
8. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക
9. കൃഷിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കൽ
10. ജല ലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ സ്പ്രിഗ്ളർ കണിക ജലസേചന മാർഗ്ഗങ്ങൾ സ്വീകരിക്കുക
11. കാർഷിക മേഖലയിൽ സംജാതമായിട്ടുളള നൂതന കാർഷിക സാങ്കേതിക മുറകൾ സ്വീകരിച്ചുകൊണ്ടുളള ഹൈ-ടെക് കാർഷിക സംരംഭങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.
12. കൃഷി ഉദ്യോഗസ്ഥൻമാർ ആഴ്ചതോറും കർഷക ഗ്രൂപ്പുകൾ സന്ദർശിച്ച് നൂതന കാർഷിക സാങ്കേതിക മുറകളെക്കുറിച്ചുളള അവബോധം വളർത്തുക, കാർഷിക പദ്ധതികളെക്കുറിച്ചുളള പരിജ്ഞാനം നൽകുക, പ്രദേശിക പ്രശ്നങ്ങൾ ചരച്ച ചെയ്ത് പരിഹാരം കണ്ടെത്തുക.
13. അ്യഗികൾച്ചറൽ എക്സ്പോർട്ട് സോൺ സ്ഥാപിക്കുക വഴി പച്ചക്കറി, വാഴപ്പഴം, കൈതച്ചക്ക തുടങ്ങിയവ അധിതോല്പാദനം നടത്തി മയറ്റുമതി പ്രോത്സാഹിപ്പിക്കുക.
14. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിവിധ ദൃശ്യശ്രവ മാധ്യമങ്ങളുടെ സഹായത്തോടെ നൂതന സാങ്കേതിക വിദ്യകൾ കർഷകർക്ക് പകർന്നു കൊടുക്കുക.

ദേവസ്വം ഭൂമി അന്യാധീനപ്പെടുത്തുന്നതായ പരാതി

229. ശ്രീ. ഉമേഷ് ചള്ളിയിൽ
ശ്രീ. കെ.കെ.ഷാജു
ശ്രീ. ജോണി നെല്ലൂർ
ശ്രീ. എ.എൻ. രാജൻ ബാബു
ശ്രീ. ഷിബു ബേബി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേവസ്വം ഭൂമി വ്യാപകമായി അന്യാധീനപ്പെട്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) അന്യാധീനപ്പെട്ട ദേവസ്വംഭൂമി തിരികെ ലഭിക്കുന്നതിന് സർക്കാർ കൈക്കൊള്ളുന്ന നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

**ഉത്തരം**

**ശ്രീ.ജി. കാർത്തികേയൻ (ഭക്ഷ്യവും സാസ്കാരികവും ദേവസ്വവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) അന്യാധീനപ്പെട്ട വസ്തുക്കളുടെ വ്യാപ്തി അളന്നു തിട്ടപ്പെടുത്തിവരുന്നുവെന്ന് ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്. കൂടാതെ, ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിലുള്ള മലബാറിലെ ക്ഷേത്രങ്ങളുടെ ഏകദേശം 7585.1924 ഹെകടർ ഭൂമി അന്യാധീനപ്പെട്ടതായി കമ്മീഷണർ അറിയച്ചിക്കളണ്ട.

(സി) ദേവസ്വം ഭൂമിയിലെ അനധികൃത കയ്യേറ്റം തടയുന്നതിനായി ദേവസ്വം വകുപ്പുമന്ത്രി വിവിധ ദേവസ്വം ബോർഡ് ഭാരവാഹികൾ, ഹിന്ദു മതധർമ്മ സ്ഥാപന (ഭരണ) വകുപ്പുദ്യോഗസ്ഥൻമാർ എന്നിവരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ചർച്ച ചെയ്യുകയും അതനുസരിച്ച് ദേവസ്വങ്ങൾ സ്വീകരിച്ച നടപടികളുടെ പുരോഗതി ഇടയ്ക്കിടെ വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട. കൂടാതെ അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരികെ ലഭിക്കുവാൻ നിയമനടപടി സ്വീകരിക്കുവാനും നിലവിലുള്ള ദേവസ്വം ഭൂമി അന്യാധീനപ്പെടാതെ സംരക്ഷിക്കുവാനും കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

നാഷണൽ സേവിംഗ്സ് പദ്ധതിയിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് നൽകുന്ന ഇൻസന്റീവ്

230. ശ്രീ. വി. ബാലറാം
ശ്രീ. എൻ. ശക്തൻ
ശ്രീ. ഡി. സുഗതൻ
ശ്രീ .ടി.വി. ചന്ദ്രമോഹൻ
ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സേവിംഗ്സ് പദ്ധതിയിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് എന്തെല്ലാം ഇൻസന്റീവ് നൽകിവരുന്നു;

(ബി) ഇതനുസരിച്ച് പദ്ധതിയിൽ നിക്ഷേപം നടത്തുന്ന എല്ലാവർക്കും ഇൻസന്റീവിന്റെ പ്രയോജനം ലഭിക്കുമോ;

(സി) നാഷണൽ സേവിംഗ്സ് പദ്ധതിപ്രകാരം നിക്ഷേപം നടത്തുന്ന എല്ലാവർക്കും ഇൻസന്റീവിന്റെ പ്രയോജനം കിട്ടത്തക്കവിധത്തിൽ മുൻകാലങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ 2% ഇൻസന്റീവായി ലഭിക്കുമോ;

(ഡി) ഈ പദ്ധതിയനുസരിച്ച് കൊടുക്കുന്ന ഇൻസന്റീവ് പണമായി കൊടുക്കുന്നതിലുള്ള ബുദ്ധിമുട്ടെന്താണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കര നാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ) വർഷം തോറും ഇൻസന്റീവിന്റെ ഘടന മാറ്റാറുണ്ട്. ഈ സാമ്പത്തിക വർഷം സ്ഥാപനങ്ങൾ വഴി നിക്ഷേപിക്കുന്ന 5 ലക്ഷത്തിനു മുകളിലുള്ള നിക്ഷേപങ്ങൾക്കും സ്കൂൾ സഞ്ചികയിലെ 10,000/- രൂപയ്ക്കുമേലുള്ള നിക്ഷേപങ്ങൾക്കും ഇൻസൻ്ീവ് നൽകി വരുന്നു.

(ബി) ഇല്ല.

(സി) ഇല്ല

(ഡി) പണമായി കൊടുക്കുകയാണെങ്കിൽ സമ്മാന പദ്ധതിയേക്കാൾ ഭീമമായ സാമ്പത്തിക ബാദ്ധ്യത ഉണ്ടെന്നുള്ളതുതന്നെ.

ചാരായ നിരോധനം മൂലമുണ്ടായ സാമൂഹിക സാമ്പത്തിക നേട്ടങ്ങൾ

231. ശ്രീ. എം.കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനം ഏർപ്പെടുത്തിയശേഷം കേരളത്തിൽ സാമൂഹികവും സാമ്പത്തികവും സാംസാകാരികവുമായി ഉണ്ടായിട്ടുള്ള നേട്ടങ്ങളെക്കുറിച്ചും ഗവൺമെന്റ് തലത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെങ്കിലും തരത്തിലുള്ള വിലയിരുത്തലുകൾ നടത്താൻ ഉദ്ദേശിക്കുന്നണ്ടോ;

(സി) ചാരായ നിരോധനം പിൻവലിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കര നാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ) യും (ബി)യും

ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു പഠനം നടന്നിട്ടില്ല. മദ്യപാനം എന്ന സാമൂഹിക വിപത്തിനെതിരെയുള്ള ഒരു ധീരമായ തീരുമാനമാണ് ചാരായ നിരോധനത്തിലൂടെ കൈക്കൊണ്ടത്. ഘട്ടം ഘട്ടമായി മദ്യ നിരോധനം നടപ്പാക്കുക എന്ന ലക്ഷ്യത്തിലേയ്ക്കുള്ള ഒരു പ്രധാന ചുവടുവയ്പായിരുന്നു ചാരായ നിരോധനം. ഇതിനു നേട്ടങ്ങളും കോട്ടങ്ങളുമുള്ളതായി സർക്കാർ മനസ്സിലാക്കുന്നു. ചാരായ നിരോധനത്തിന് മുൻപ് ലൈസൻസ് നൽകി നടത്തിവന്നിരുന്ന ആറായിരത്തിനുമേൽ ചാരായഷാപ്പുകൾ നുറുത്തലാക്കിയത് വഴി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാനും സാധാരണക്കാരായ കുറച്ചുപേരെങ്കിലും മദ്യാസക്തിയിൽ നിന്നും മോചിതരാകുവാനും ഇടയായി എന്നത് വസ്തുതയാണ്. നിലവിലുണ്ടായിരുന്ന ചാരായഷാപ്പുകൾ നിർത്തലാക്കിയതുമൂലം തൊഴിലവസരങ്ങൾ നഷ്ടപ്പെടുവാനും അനിയന്ത്രിതമായി മദ്യപർ വ്യാജമദ്യം തേടിപ്പോകുവാനും ഇടയായിട്ടുണ്ട് എന്ന് സർക്കാർ മനസ്സിലാക്കുന്നു. കർശനമായ നിയമപാലനത്തിലൂടെയും, ബോധവത്ക്കരണത്തിലൂടെയും വ്യാജമദ്യ വിതരണത്തിനെതിരെ സർക്കാർ നടപടികൾ കൈക്കൊള്ളുന്നുണ്ട്. തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. അർഹരായ തൊഴിലാളികളെ പുനരധിവസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട. ഇതിനെല്ലാം പുറമേ മദ്യനയത്തേക്കുറിച്ച് പഠിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഉദ്ദേശിക്കുന്നില്ല.

□ഫിസിക്കൽ റെസ്പോൺസിബിലിറ്റി□ നിയമം

232. ശ്രീ. റോഷി അഗസ്റ്റിൻ;

ശ്രീ.തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ മാൻജ്മെന്റ് കാര്യക്ഷമമാക്കാൻ □ഫിസിക്കൽ റെസ്പോൺസിബിലിറ്റി□ നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമം സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(സി) ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

**ഉത്തരം**

**ശ്രീ. കെ. ശങ്കര നാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

**(എ) ഉണ്ട്.**

**(ബി) യും (സി)യും**

**സർക്കരിന്റെ റവന്യൂകമ്മിയും ധന കമ്മിയും കുറച്ചുകൊണ്ടുവരുന്നതിനും ധനകാര്യ മാൻജുമെന്റ് കാര്യക്ഷമമാക്കുന്നതിനും ഉദ്യോഗസ്ഥർ കൂടുതൽ ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കുന്നതിനും വേണ്ടിയാണ് ഈൗ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ഈ ബിൽ നിയമസഭയുടെ നടപ്പുസമ്മേളനത്തിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നു.**

യുവാക്കൾക്കുള്ള സ്വയം തൊഴിൽ പെൻഷൻ പദ്ധതി

233. ശ്രീ. ടി.യു. രാധാകൃഷ്ണൻ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പു രൂപം നൽകിയ ലക്ഷം യുവാക്കൾക്ക് സ്വയം തൊഴിൽ പെൻഷൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) 1000 രൂപ വീതം ഡെപ്പോസിറ്റ് വാങ്ങി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ യുവാക്കൾക്ക് വേണ്ടി എന്തു ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവർക്കുവേണ്ടി ഈ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശമുണ്ടോ, എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

ശ്രീമതി.കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി)

(എ) കൃഷി, മൃഗ സംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീമേഖലകളിൽ ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1993-94 -ൽ ആരംഭിച്ച പദ്ധതിയാണ് ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതി. ഇത് ഇപ്പോഴും നിലവിലുണ്ട്. പദ്ധതിപ്രകാരം അംഗങ്ങളായിരിക്കേ മരണമടഞ്ഞ 430 പേരുടെ നോമിനികൾക്ക് 25000രൂപ വീതം ധനസഹായം നൽകി. സ്വമേധയാ പദ്ധതിയിൽ നിന്നും പിരിഞ്ഞുപോയ 168 പേർക്ക് അവർ അടച്ച 1000 രൂപ വീതം തിരിച്ചുനൽകി. പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. പദ്ധതിയിൽ തൃപ്തികരമായി പ്രവർത്തിക്കുന്ന അംഗത്തിന് 60 വയസ്സ് പൂർത്തിയാകുമ്പോൾ 30,000/- രൂപ മുതൽ 60,000 /-വരെ ഗ്രാറ്റുവിറ്റി.
2. 60 വയസ്സിനുമേൽ 1000 രൂപ പ്രതിമാസ പെൻഷൻ
3. എ.60 വയസ്സിനുശേഷം മരിക്കുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വരെ ധനസഹായം.
   ബി. 60 വയസ്സിനു മുൻപ് മരിക്കുന്ന അംഗങ്ങളുടെ അവകാശികൾക്ക് 25,000 രൂപവരെ ധനസബഹായം.
4. പദ്ധതിയിൽ നിന്നും സ്വമേധയാ പിരിഞ്ഞുപോകുന്ന അംഗങ്ങൾ പദ്ധതി വിഹിതമായി അടച്ച 1000 രൂപ മടക്കി നൽകൽ.
5. പദ്ധതിയിൽ അംഗമായിരിക്കേ ശാരീരികമോ മാനസികമോ ഉള്ള അവശത സംഭവിച്ചവർക്ക് അംഗത്വകാലാവധി അനുസരിച്ച് 200 രൂപ മുതൽ 750 രൂപ വരെ പ്രതിമാസ അവശതാ പെൻഷൻ.

മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ അംഗങ്ങളായിട്ടുള്ളവർക്കെല്ലാം നൽകുന്നതിന് വളരെയേറെ തുക വർഷങ്ങളോളം വേണ്ടിവരുന്നതിനാൽ പദ്ധതിയുടെ സാമൂഹ്യസുരക്ഷാഫണ്ടിൽ ലഭ്യമായിട്ടുള്ള തുക കൂടുതൽ ഫലപ്രദമായി അംഗങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിന് നബാർഡിന്റെ കൺസൾട്ടൻസി പ്രയോജനപ്പെടുത്തി അനുയോജ്യമായ ഒരു പദ്ധതിക്ക് രൂപം നൽകുന്നതിനുള്ള നടപടി കൈക്കൊണ്ടുവരികയാണ്.

ഇപ്പോൾ അംഗങ്ങൾക്ക് കാർഷികമേഖലയിൽ സ്വയം തൊഴിൽ ചെയ്ത്വരുമാനമുണ്ടാക്കുന്നതിന് പ്രാപ്തരാക്കാനായി പരിശീലനം നൽകുകയു് അവരുടെ സ്വയം സഹായഗ്രൂപ്പുകൾക്ക് വിവിധ പദ്ധതികളിൽ മുൻഗണന നൽകുന്ന കാര്യവും ആലോചനയിലുണ്ട്.

(ബി) പ്രത്യേക തൊഴിൽദാന പദ്ധതിയിലുള്ള അംഗങ്ങളെ സ്വാശ്രയ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി, തെരഞ്ഞെടുത്ത മാസ്റ്റർ കൃഷിക്കാർക്ക് പരിശീലന പരിപാടികൾ നൽകിവരുന്നു. ഇത്തരം സ്വാശ്രയ ഗ്രൂപ്പുകൾക്ക് അവർ തെരഞ്ഞെടുക്കുന്ന പദ്ധതികൾക്ക് സാങ്കേതിക സഹായവും, ബാങ്കുകൾ മുഖേന ലോണുകളും ലഭ്യമാക്കുന്നുണ്ട്.

കൂടാതെ പഞ്ചായത്ത് ആസൂത്രണം ചെയ്യുന്ന
പദ്ധതികളിലും കൃഷിവകുപ്പു നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികളിലും ഇതിലെ അംഗങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

പദ്ധതി ആരംഭിച്ചപ്പോൾ അംഗങ്ങൾക്ക് പരിശീലനവും തെരെഞ്ഞെടുത്ത മേഖലകളിൽ പ്രത്യേക പരിശീലനവും, തെരെഞ്ഞെടുത്ത പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്. കൃഷി, മൃഗ സംരക്ഷണം, ക്ഷീരവികസനം എന്നീമേഖലകളിൽ വിവിധ പദ്ധതികൾ /പവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2,63,94,999/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ അംഗങ്ങൾ ആയിരിക്കേ മരണമടഞ്ഞവരിുടെ നോമിനികൾക്ക് 25,000 രൂപ വീതം 430 പേർക്ക് നൽകിയിട്ടുണ്ട്.

കൂടാതെ സ്വമേധയാ പദ്ധതിയിൽ നിന്നും പിരിഞ്ഞുപോയവർക്ക് പദ്ധതിവിഹിതമായി അടച്ച 1000/- രൂപ വീതം 168 പേർക്ക് മടക്കി നൽകിയിട്ടുണ്ട്.

(സി) അംഗങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പദ്ധതി ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിനായി നബാർഡിന്റെ കൺസൾട്ടൻസി പ്രയോജനപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.

**<u>ലോകബാങ്ക് സഹായമായി ലഭിച്ചതുകയുടെ വിശദാംശം.</u>**

234. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീ. യു.സി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായമായി സംസ്ഥാനത്തിന് ലഭിച്ച തുക എത്ര;
(ബി) ഇത് ഏതെല്ലാം വികസനപദ്ധതികൾക്കായിട്ടാണ് ചെലവാക്കുന്നത്;
(സി) വികസനേതര ആവശ്യങ്ങൾക്കായി ഇതിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ;
(ഡി) എങ്കിൽ എന്തു തുക ഏതെല്ലാം ആവശ്യങ്ങൾക്കായി എന്നു വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കര നാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന നാലുപദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ 203.44 കോടി രൂപ ലോകബാങ്ക് സഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) കേരളാ ഫോറസ്ട്രി പ്രോജക്ട്, ഗ്രാമീണ കുടിവെള്ള വിതരണ ശുചിത്വ പദ്ധതി (ജലനിധി), കേരള ട്രാൻസ്പോർട്ട് പ്രോജക്ട്, നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (ഭൂജലവകുപ്പ്), ജലവിഭവ വകുപ്പ്) എന്നീ നാലു പദ്ധതികളുടെ നടത്തിപ്പിനായി ഈ തുക വിനിയോഗിക്കുന്നു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

**<u>സിവിൽസപ്ളൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ സമിതി</u>**

235. ശ്രീ. പി. നാരായണൻ
ശ്രീ. ബിനോയ് വിശ്വം
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ളൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ വിദഗ്ദ്ധ സമിതി രൂപികരിക്കണമെന്ന് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിധിയുടെ അടിസ്ഥാനത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടൊ;

(സി) അവശ്യ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി)** :

(എ) ഇല്ല. എന്നാൽ ഹൈക്കോടതി വിധിയിൽ ഒരു വിദഗ്ദ്ധ സമിതി സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡറുകൾക്കൊപ്പം സമർപ്പിക്കുന്ന സാമ്പിൾ പരിശോധിക്കേണ്ടതാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്.

(ബി) കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഗോഡൗണിലെത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കോർപ്പറേന്റെ അഞ്ചു റീജിയണൽ തലങ്ങളിലും ഗുണപരിശോധനാ വിഭാഗം ജൂനിയർ മാനേജർമാർ ഉണ്ട്. കൂടാതെ ഹെഡ്ഡാഫീസ് തലത്തിൽ ഒരു ഗുണപരിശോധനാ വിഭാഗം മാനേജരും നല്ല രീതിയിൽ സജ്ജീകരിച്ചിട്ടുള്ള ഒരു ലാബറട്ടറിയും ഉണ്ട്.

**<u>കാർകോൽപ്പന്നങ്ങൾക്ക് ഉൽപ്പാദന ബോണസ് പ്രഖ്യാപിച്ച നടപടി</u>**

236. ശ്രീ. എൻ. ശക്തൻ :
ശ്രീ. പി.ടി. തോമസ് :
ശ്രീ. ടി.എൻ. പ്രതാപൻ :
പ്രൊഫ. എ.ഡി. മുസ്തഫ :
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം കാർഷികോൽപ്പന്നങ്ങൾക്കാണ് ഉൽപ്പാദന ബോണസ് പ്രഖ്യാപിച്ചത്;

(ബി) ഈയിനത്തിൽ കർഷകന് എന്തു തുകയുടെ ഗുണം കിട്ടി എന്ന് വ്യക്തമാക്കാമോ;

(സി) കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപ്പാദന ബോണസ് പ്രഖ്യാപിച്ചതുകൊണ്ട് അവയുടെ വിലയിലുണ്ടായ മാറ്റമെന്തെന്നു വിശദീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)** :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉൽപ്പാദന ബോണസ് പുതുതായി പ്രഖ്യാപിച്ചിട്ടില്ല. കാപ്പി, കുരുമുളക് എന്നീ കാർഷികോൽപ്പന്നങ്ങൾക്ക് സ്പെഷ്യൽ പാക്കേജ് പ്രകാരം ആശ്വാസ ധനസഹായം നൽകുന്നുണ്ട്.

(ബി) സ്പെഷ്യൽ പാക്കേജ് പദ്ധതിപ്രകാരം ഏകവിളയായി കുരുമുളക്, കാപ്പി എന്നിവ കൃഷി ചെയ്യുന്ന കർഷകന് ഒരു ഹെക്ടറിന് 500 രൂപ നിരക്കിലും ഇവ രണ്ടും പരസ്പര ഇടവിളയായി കൃഷിചെയ്യുന്നവർക്ക് ഒരു ഹെക്ടറിന് 1000 രൂപ നിരക്കിലും ആശ്വാസ ധനസഹായം നൽകുന്നു. ഇതുവരെ കുരുമുളകിന് 4,42,67,182 രൂപയും കാപ്പിക്ക് 2,18,01,936 രൂപയും നൽകി.

(സി) വിളകൾക്ക് രൂക്ഷമായ വിലത്തകർച്ച നേരിട്ട അവസരത്തിൽ സർക്കാർ വിപണിയിൽ ഇടപെട്ട് സംഭരണം നടത്തിയതിന്റെയും കർഷകർക്ക് ആശ്വാസ ധനസഹായം നൽകിയതിന്റെയും മറ്റും ഫലമായി മിക്ക വിളകളുടേയും വില ഉയർന്നിട്ടുണ്ട്.

<u>വനസമ്പത്ത്കൊള്ളയും വനംകൈയേറ്റവും തടയാൻ നടപടി</u>

237. ശ്രീ. കെ.വി. കുഞ്ഞിരാമൻ :
ശ്രീ. കെ.കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി.സി.ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു വൻതോതിൽ നടക്കുന്ന വനസമ്പത്ത്കൊള്ളയും വനം കൈയ്യേറ്റവും തടയാൻ സർക്കാർ എന്തഎങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മറയൂരിലും മതികെട്ടാനിലും ചന്ദനമരങ്ങൾ വെട്ടിക്കടത്തിക്കൊണ്ടു പോകുന്നതും വനംവകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള മതികെട്ടാൻചോലയിൽ മരംമുറിയും ഭൂമി കൈയ്യേറ്റവും നടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2002 ജൂലൈ 17-ന് 1977 മുതലുള്ള എല്ലാ വനം കൈയ്യേറ്റക്കാരെയും ഉടൻ കുടിയിറക്കണമെന്ന ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഭാവിയിൽ മതികെട്ടാനിലും മറ്റും വനം കൈയേറ്റമുണ്ടാവാതിരിക്കാൻ വനം-പോലീസ്-റവന്യൂ തലത്തിൽ എന്തെങ്കിലും സംവിധാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ. വിശദവിവരം വെളിപ്പെടുത്തുമോ;

(എഫ്) എല്ലാ കൈയ്യേറ്റക്കാരേയും കുടിയിറക്കിയെന്ന സർക്കാർ പ്രഖ്യാപനത്തിനുശേഷവും മതികെട്ടാനിൽ 2000 ഏക്കർ വനഭൂമി കൈയ്യേറ്റക്കാരുടെ നിയന്ത്രണത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) വനംവകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ചോലവനപ്രദേശം കൈയ്യേറുന്നതു തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്. വനാതിർത്തികൾ സ്ഥിരം ജണ്ഡകൾ കെട്ടി വനം കൈയ്യേറ്റവും വനം കൊള്ളയും തടയുന്നുണ്ട്. രാത്രികാലങ്ങളിലും പട്രോളിംഗ് നടത്തി പ്രശ്നാധിഷ്ഠിതമായ പ്രദേശങ്ങളിൽ നിതാന്ത ജാഗ്രത പുലർത്തുന്നു. ആസൂത്രിതമായും സംഘടിതമായും ഉണ്ടാകുന്ന വനം കൈയ്യേറ്റങ്ങലും വനം കുറ്റകൃത്യങ്ങളും തടയുന്നതിന് രണ്ട് ദ്രുതകർമ്മസേന സജീവമായി പ്രവർത്തിക്കുന്നു. കൂടാതെ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് വനംസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു. വനം കുറ്റകൃത്യങ്ങൽ മാത്രം കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതിയും വനംസംബന്ധമായ കേസ്സുകൾ നടത്തുന്നതിനായി പ്രത്യേക ഗവൺമെന്റ് പ്ളീഡറേയും നിയമിച്ചിട്ടുണ്ട്. പൊതുജനങ്ങൾ, ഗിരിജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വനംസംരക്ഷണ സമിതികൾ രൂപീകരിച്ച് ജനപങ്കാളിത്തത്തോടെ വനസംരക്ഷണം കാര്യക്ഷമമാക്കിയിട്ടുണ്ട്. വനസംരക്ഷണം ഫലപ്രദമാക്കുന്നതിന് വന നിയമത്തിൽ കാലോചിതമായ മാറ്റങ്ങൽ വരുത്തുന്നതിനും നടപടികൾ കൈക്കൊണ്ടുവരുന്നു.

വനംകൈയ്യേറ്റം പൊതുവായി തടയുന്നതിനും വനം കൈയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുമായി വനം, പോലീസ്, റവന്യൂ സർവ്വേ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരടങ്ങിയ സർക്കിൾതല കമ്മിറ്റികളും ചീഫ് സെക്രട്ടറി ചെയർമാനായി മേൽ വകുപ്പുകളുടെ ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായുള്ള സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രത്യേക നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ചന്ദനക്കൊള്ള തടയുന്നതിന് പ്രത്യേകം നിയമം കൊണ്ടുവരുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) മറയൂരിൽ ചന്ദനമരങ്ങൾ നഷ്ടമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനം വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള മതികെട്ടാനിൽ ചന്ദനമരങ്ങൽ ഇല്ല. മതികെട്ടാൻചോല വനം വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലായശേഷം അവിടെ കൈയ്യേറ്റവും വന നശീകരണവും ഉണ്ടായിട്ടില്ല. ഒരു മുളകുനാറി മരം മുറിച്ചത് ശ്രദ്ധയിൽപ്പെടുകയും ആയതിന് കേസെടുത്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) ഉണ്ട്.

(ഇ) വനം കൈയ്യേറ്റം പൊതുവായി തടയുന്നതിനായി ബന്ധപ്പെട്ട ഫോറസ്റ്റ് കൺസർവേറ്റർ അദ്ധ്യക്ഷനായി വനം-പോലീസ്-റവന്യൂ-സർവ്വേ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങിയ കമ്മിറ്റികൾ സർക്കിൾ തലത്തിൽ രൂപീകരിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനുപുറമെ ചീഫ് സെക്രട്ടറി

അദ്ധ്യക്ഷനായി വകുപ്പു സെക്രട്ടറിമാരും ഈ വകുപ്പുകളിലെ മേധൌാവിമാരും ഉൾപ്പെട്ട ഒരു സംസ്ഥാനതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) മതികെട്ടാൻ വനംവകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലായശേഷം ഈ പ്രദേശത്ത് കൈയ്യേറ്റം ഉണ്ടാകുന്നതു തടയാൻ മതികൊട്ടാനിൽ ഒരു ചെക്ക്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ദ്രുതകർമ്മസേനയുടെ സഹായവും ലഭ്യമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ വനംവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർ ഇവിടം ഇടക്കിടെ പരിശോധന നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും സംരക്ഷണം ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.

<u>ദേശീയ കാർഷിക പദ്ധതി</u>

238. ശ്രീ. തോമസ് ചാഴികാടൻ

ശ്രീ. റോഷി അഗസ്റ്റിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

ദേശീയ കാർഷിക പദ്ധതി മുഖേന കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഏരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്ദധതിയുടെ വിശദാംശങ്ങൾ അറിവിയക്കുമോ;

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പ്രവർത്തികമാക്കുമെന്ന് അറിയിക്കാമോ?

<u>**ഉത്തരം**</u>

**ശ്രീമതി.കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി)**

(എ),(ബി), (സി) ആന്റ് (ഡി)

ദേശീയ കാർഷിക പദ്ധതി എന്നപേരിൽ നിലവിൽ പദധതിയൊന്നും ഇല്ല. എന്നാൽ കേന്ദ്ര സ്ശ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ ദേശീയ കർഷക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.

<u>**സർക്കാരിന്റെ കടമെടുപ്പും വികസനക്ഷേമ പ്രവർത്തനങ്ങളും നിയന്ത്രിക്കാൻ നിയമം**</u>

239. ഡോ. തോമസ് ഐസക്

ശ്രീ. ടി.കെ. ബാലൻ

ശ്രീ. വി. ചെന്താമരാക്ഷൻ

ശ്രീ. ടി.പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കടമെടുപ്പും വികസനക്ഷേമപ്രവർ്തനങ്ങളും നിന്ത്രിക്കാൻ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഒരു നിയമം കൊണ്ടുവരാൻ പ്രേരിപ്പിച്ച സംഗതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ഏഷ്യൻ വികസന ബാങ്ക് വിഭാവനം ചെയ്യുന്ന ഭരണ പരിഷ്ക്കാരങ്ങളുടെ ഭാഗമായിട്ടാണോ നിയമം കൊണ്ടുവരുന്നത്;

(ഡി) ഇങ്ങനെയുള്ള ഒരു നിയമം കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ;

(ഇ) ഈ നിയമം കൊണ്ടുവരുന്നതിനു മുൻപ് രാഷ്ട്രീയപ്പാർട്ടി പ്രതിനിധികള്, സാമ്പത്തിക വിദഗ്ധർ എന്നിവരുമായി ചർച്ച നടത്താൻ തയ്യാറാവുമോ?

<u>**ഉത്തരം**</u>

**ശ്രീ. കെ. ശങ്കര നാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ) കടമെടുപ്പ് നിയന്ത്രിക്കാൻ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കന്നുണ്ട്. എന്നാൽ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നില്ല. കേരളാ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബിൽ സഭയുടെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കുവാൻ സാധിക്കുമെന്ന് ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും റവന്യൂ കമ്മിയും ക്രമാതീതമായി വർദ്ധിച്ചതാണ് ഇപ്രകാരം ഒരു നിയമം ൊകണ്ടുവരാൻ പ്രേരിപ്പിച്ചത്.

(സി) സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും റവന്യൂ കമ്മിയും കുറയ്ക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗവുമായിട്ടാണ് ഇൂ നിയമം കൊണ്ടുവരുന്നത്.

(ഡി) ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പ് ചർച്ചയൊന്നും നടത്താൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഈ ബിൽ സഭയുടെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

<u>**വനം വകുപ്പ് വിൽപ്പന നടത്തുന്ന വൃക്ഷങ്ങൾ**</u>

240. ശ്രീമതി. മാലേത്ത് സരളാദേവി

ശ്രീ. ജോർജ് ജെ. മാത്യു
ശ്രീമതി മേഴ്സി രവി
ശ്രീ. ടി.വി. ചന്ദ്രമോഹൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ)ഏതെല്ലാം ഇനങ്ങളിൽപ്പെടുന്ന വൃക്ഷതൈകളാണ് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വില്പന നടത്തിവരുന്നത്;

(ബി) വനം വകുപ്പു വര്ൽക്കുന്ന വൃക്ഷതൈകൾ ലഭിക്കുന്നത് എവിടെ നിന്നെല്ലാമാണ്;

(സി) എന്തു വിലയ്ക്കാണ് ഇവ വിൽക്കുന്നത്;

(ഡി) തേക്ക്,ഈട്ടി, മഹാഗണി, ചന്ദനം എന്നിവയുടെ തൈകൾ ജനങ്ങളുടെ ആവശ്യാനുസരണം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

ശ്രീ.കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)

(എ) തേക്ക്,പ്ലാവ്, മാവ്, മഹാഗണി, പുളി,കുടമ്പുളി, നെല്ലി, വേപ്പ്, കണക്കൊന്ന, ചന്ദനം മതലായ ഇനം വൃക്ഷതൈകളാണ് പ്രധാനമായും വനംവകുപ്പ് ഉല്പാദിപ്പിച്ച് വില്പന നടത്തുന്നത്.

(ബി) വനം വകുപ്പിന്റെ കുളത്തൂപ്പുഴ, ചെട്ടികുളം, നിലമ്പൂർ, ചെറുവാഞ്ചേരി എന്നീ സെൻട്രൽ നഴ്സറികളിലും സാമൂഹ്യ വനവത്ക്കരണ വിഭാഗം ജില്ലാതല വന വിജ്ഞാനവ്യാപന കേന്ദ്രങ്ങളിലും മേൽപ്പറഞ്ഞപ്രകാരം വൃക്ഷതൈകൾ ലഭിക്കുന്നതാണ്.

(സി) കൂടതൈകളും റൂട്ട് ട്രെയിനർ തൈകളും 5 രൂപ നിരക്കിലും തേക്ക്സ്റ്റമ്പ് രണ്ടുരൂപ നിരക്കിലുമാണ് വില്പന നടത്തുന്നത്.

(ഡി) വനം വകുപ്പിന്റെ സെൻട്രൽ നഴ്സറികൾ വന വിജ്ഞാനവ്യാപന കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള നഴ്സറികൾ എന്നിവയ്ക്കുപുറമേ പഞ്ചായത്ത് തലത്തിൽ കുടുബശ്രീ യൂണിറ്റുകൾക്ക് വൃക്ഷതൈ ഉല്പാദനത്തിൽ ആധുനിക പരിശീലനം നൽകി വൃക്ഷതൈകൾ പ്രാദേശീക തലത്തിൽ ലഭ്യമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.